# ‘‘വിശ്വാസം’’

അപ്പൊസ്തല പ്രവൃത്തി 12:13

‘‘അവൻ പടിപ്പുരവാതിൽക്കൽ മുട്ടിയാറെ രോദാ എന്നൊരു ബാല്യക്കാരത്തി വിളി കേൾപ്പാൻ അടുത്തു വന്നു. പത്രൊസിന്റെ ശബ്ദം തിരിച്ചറിഞ്ഞു.’’

തടവറയിൽ ബന്ധിതനായ പത്രോസിനു വേണ്ടി ദൈവജനം പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കാണുന്നത്. ദൈവത്തിന്റെ വചനം പറയുന്നു ദൈവസഭ ശ്രദ്ധയോടെ (Acts 12:5) ഒരുമിച്ചുകൂടി അവനുവേണ്ടി പ്രാർത്ഥിച്ചുകൊണ്ടിരുന്നു (Acts 12:12). പ്രാർത്ഥന കേട്ട തമ്പുരാൻ പത്രോസിനെ വിടുവിച്ചു. ദൈവപ്രവൃത്തി വെളിപ്പെടുത്തി.

തടവറയിൽ നിന്നും അത്ഭുതകരമായി രക്ഷപെട്ട പത്രോസ് തന്റെ കൂട്ടുസഹോദരങ്ങളോടുള്ള കൂട്ടായ്മ ആഗ്രഹിച്ച് മറിയയുടെ വീട്ടിലേക്ക് പോയതായി നാം കാണുന്നു. രോദാ എന്ന ബാല്യക്കാരത്തി അവന്റെ ശബ്ദം തിരിച്ചറിഞ്ഞു. സന്തോഷത്താൽ അവൾ മറ്റു സഹോദരങ്ങളെ ഓടിച്ചെന്നു വിളിച്ചു. എങ്കിലും അവർ വിശ്വസിച്ചില്ല. മാത്രവുമല്ല വിശ്വസിച്ച പാവം പെൺകുട്ടിക്ക് ഭ്രാന്തുണ്ടോ എന്നു ചോദിക്കുകയും ചെയ്യുന്ന കാഴ്ച; അവൾ ഉറപ്പു പറഞ്ഞെങ്കിലും അത് അവന്റെ ദൂതൻ ആകും എന്ന് അവർ പറയുന്നു.

എത്ര ആശ്ചര്യമേറിയതായ സംഭവമാകുന്നു ഇത്. യാചിച്ചുകൊണ്ടിരുന്നതായ വിഷയത്തിനുള്ള മറുപടി വാതിൽക്കൽ എത്തി നിൽക്കുന്നു. എന്നാൽ അതിനെ കാണുവാനോ, സ്വീകരിക്കുവാനോ കഴിയാതെ പോകുന്ന ജനം. ഇത് ഇന്ന് നമ്മുടെയും ജീവിതാനുഭവങ്ങളുടെ ഒരു ചിത്രം തന്നെ ആകുന്നു. പത്രോസിനെ ബന്ധിച്ചിരുന്നതായ സാഹചര്യങ്ങളും, തടവറയുടെയും സൈന്യബലത്തിന്റെയും ശക്തിയുടെ വെളിച്ചത്തിലും പത്രോസിന്റെ വിടുതൽ ഒരിക്കലും മാനുഷിക ബുദ്ധിയിൽ സാധ്യമായ ഒരു പ്രവൃത്തി അല്ലായിരുന്നു. എങ്കിലും പ്രാർത്ഥിച്ചു കൂടിയിരുന്നതായ ദൈവജനത്തിന് ആത്മാർത്ഥതയ്ക്ക് യാതൊരു കുഴപ്പവും ഇല്ലായിരുന്നു. എന്നാൽ ‘ബലഹീനമായ വിശ്വാസം’ അതാണ് ഈ വിഷയത്തിനുവേണ്ടി പ്രാർത്ഥിച്ചു കൊണ്ടിരുന്ന ദൈവജനത്തിനുമേൽ കാണുന്നത്.

പലപ്പോഴും നാമും വ്യക്തിപരമായ വിഷയങ്ങളിലും, മറ്റുള്ളവരുടെ വിഷയങ്ങളും വളരെ ആഴത്തിലും ശ്രദ്ധയോടും പ്രാർത്ഥിക്കാറുണ്ട്. സഭ ഒരുമിച്ചിരുന്നു യാചിക്കാനും മടിച്ചില്ല. എന്നാൽ പല സാഹചര്യങ്ങളുടെയും പിന്നിലുള്ള ചുറ്റുപാടുകളുടെ ഒരു കോട്ടയ്ക്കുള്ളിലാണ് നമ്മുടെയും വിശ്വാസം. പ്രശ്നങ്ങളുടെയും മേലേ വലിയവനായ ദൈവത്തിന്റെ വലുപ്പത്തെയോ, ദൈവപ്രവൃത്തിയെയോ വിശ്വാസത്തോടെ ഏറ്റെടുക്കുവാൻ കഴിയാതെ പോകുന്നു.

ദൈവത്തിന് ഒരു പനിയും, ക്യാൻസറും സൗഖ്യമാക്കാൻ ഒരുപോലെ കഴിയും. അവിടെ കുറഞ്ഞ ശക്തിയെന്നോ കൂടിയതെന്നോ ഒന്നില്ല. എന്നാൽ ബലഹീനമായ നമ്മുടെ ഇടുങ്ങിയ കാഴ്ചപ്പാടിൽ നിന്നുകൊണ്ടാണ് വിഷയം ഏറ്റെടുക്കുന്നത്. അസാധ്യങ്ങളെ സാധ്യമാക്കുന്ന ഒരു ദൈവം, ശക്തനായവൻ, വലിയവൻ ഉന്നതിയിൽ ഇരിക്കുന്നവൻ അവനെ നമ്മുടെ പ്രശ്നങ്ങളിൽ കാണുവാൻ തുടങ്ങിയാൽ തീർച്ചയായും വിടുതലിന്റെ സുഖം അനുഭവപ്പെടും.

ജീവിതത്തിൽ വിവിധങ്ങളായ ബന്ധിത വിഷയങ്ങളിൽ മേൽ ഒന്നാം കാവലും, രണ്ടാം കാവലും, ഇരുമ്പു വാതിലും അറുത്തു മാറ്റാൻ കഴിവുള്ള ദൈവശക്തിയിൽ മാത്രം നമുക്ക് ആശ്രയിക്കാം. രോദാ ബാല്യക്കാരത്തിയുടെ വിശ്വാസം നമുക്ക് മാതൃകയാക്കാം. വിടുതലിന്റെ ശബ്ദം വിശ്വാസത്തോടെ കേൾപ്പാനും തിരിച്ചറിയാനും കഴിയണം. ദൈവജനത്തിനു സംഭവിച്ച വീഴ്ച നമ്മുടെ ജീവിതത്തിൽ കടന്നു വരാൻ ഇടയാകാതിരിക്കട്ടെ. ബലഹീനതക്കു ബലം പകരുന്ന അവന്റെ ശക്തി ഏവരെയും നയിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

പരാമർശം :
എബ്രായർ 11:1

വിശ്വാസം എന്നതോ, ആശിക്കുന്നതിന്റെ ഉറപ്പും കാണാത്ത കാര്യങ്ങളുടെ നിശ്ചയവും ആകുന്നു.

സിസ്റ്റർ ബിന്ദു റെജി അയ്മനം 060